"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ബാരിയർ ഫ്രീ കേരള - ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ & ട്രെയിനിംഗ് എന്ന പദ്ധതിയ്ക്കായി 2024-2025 സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.177/2024/SJD തീയതി,തിരുവനന്തപുരം, 31-07-2024

---

പരാമർശം:-

1. 19.08.2022-ലെ സ.ഉ. (സാധാ) നമ്പർ. 196/2022/സാ.നീ.വ സർക്കാർ ഉത്തരവ്
2. 27.08.2023-ലെ സ. ഉ. (സാധാ) നമ്പർ. 184/2023/സാ.നീ.വ സർക്കാർ ഉത്തരവ്
3. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 16.05.2024-ലെ എസ്.ജെ.ഡി/3209/2024-ഡി.5 നമ്പർ കത്ത്
4. 28.06.2024-ൽ കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ യോഗനടപടിക്കുറിപ്പ്.

**ഉത്തരവ്**

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും, അവകാശാധിഷ്ഠിത സാമൂഹ്യമുന്നേറ്റം ഉറപ്പാക്കുന്നതിനും, അവരുടെ സഞ്ചാരത്തിന് അനുയോജ്യമായി പൊതുജനസേവനംനൽകുന്ന കെട്ടിടങ്ങൾ, സ്ഥലങ്ങൾ, പാതകൾ തുടങ്ങിയവ ഭിന്നശേഷിസൗഹൃദമാക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ ആക്സിബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയിലൂടെയും സംസ്ഥാന സർക്കാരിന്റെ ബാരിയർ ഫ്രി കേരള പദ്ധതിയിലൂടെയും സംസ്ഥാന സാമൂഹ്യനീതിവകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു.

2. പ്രതിബന്ധമുക്ത നിർമ്മാണവുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ വിവിധ വകുപ്പുകൾക്കും, സ്ഥാപനങ്ങൾക്കും ആവശ്യമായ സാങ്കേതിക പിന്തുണയും ഗൈഡൻസും നൽകുന്നതിനും, സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, എൻജിനീയറിംഗ് വിദ്യാർഥികൾക്കും ബാരിയർഫ്രി നോംസിൽ ആവശ്യമായ പരിശിലനം നൽകുന്നതിനുവേണ്ടി ഒരു ബാരിയർ ഫ്രി കൺസൾട്ടൻസി സെൽ (BFCC) തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിങ്ങ് ടെക്നോളജിയുമായി ബന്ധപ്പെട്ട് രൂപീകരിക്കുകയും പ്രസ്തുത ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ ആൻഡ് ട്രയിനിംങ് പദ്ധതിക്കായി 2022-2023 സാമ്പത്തിക വർഷവും, 2023-2024 സാമ്പത്തിക വർഷവും പരാമർശം 1, 2 സർക്കാർ ഉത്തരവുകളിൻ പ്രകാരം 30,00,000/- രൂപ വീതം വിനിയോഗിക്കുന്നതിന് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി

നൽകി ഉത്തരപുറപ്പെടുവിച്ചിരുന്നു.

3. 2024-2025 സാമ്പത്തിക വർഷത്തിൽ മേൽപറഞ്ഞ ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ & ട്രെയിനിംഗ് എന്ന തുടർപദ്ധതിയ്ക്കായി 2235-02-101-56-പ്ലാൻ എന്ന ശീർഷകത്തിൽ 28,00,000/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 3-പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

4. ഈ വിഷയം പരാമർശം 4-പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര സർക്കാരിന്റെ ആക്സസിബിൾ ഇൻഡ്യ ക്യാമ്പയിൻ പദ്ധതിയുടേയും, സംസ്ഥാന സർക്കാരിന്റെ ബാരിയർ ഫ്രീ കേരള പദ്ധതിയുടേയും ഭാഗമായി സംസ്ഥാനത്ത് രൂപികരിച്ച ബാരിയർ ഫ്രീ കൺസൾട്ടൻസി സെല്ലിന്റെ (BFCC) 2024-2025 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 2235-02-101-56-പ്ലാൻ ശീർഷകത്തിൽ "ആക്സസിബിൾ ഇൻഡ്യ ക്യാമ്പയിൻ മോണിറ്ററിംഗ് ആന്റ് ഇവാല്യവേഷൻ എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 40,00,000/- രൂപയിൽ നിന്നും 28,00,000/- രൂപ (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) ചുവടെ പറയും പ്രകാരം വിനിയോഗിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

| Sl No | Particulars | Amount (in Lakh) |
|---|---|---|
| 1 | Remuneration | 20.90 |
| 2 | Meetings, Travel and Accommodation | 1.80 |
| 3 | Equipment, Printing and Stationery | 2.00 |
| 4 | Miscellaneous | 0.50 |
| 5 | Institutional Overhead | 2.80 |
| 6 | Total | 28.00 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരളം,

തിരുവനന്തപുരം

ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്

ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ
വെബ്-സൈറ്റിൽ പ്രസീദ്ധീകരിക്കുന്നതിന്)

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Vipin S D
Date: 01-08-2024 10:48:48
സെക്ഷൻ ഓഫീസർ